5. എല്ലാ ബ്ലോക്കിലും ഈ യോഗങ്ങൾ നവംബർ 17 ന് മുൻപ് നടത്തേണ്ടതാണ്. 100 താഴെ ഗുണഭോക്താക്കൾ ഉള്ള നഗരസഭകളിലെ ഗുണഭോക്താക്കളെ സമീപത്തുള്ള ബ്ലോക്കിലെ യോഗത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കുകയും ചെയ്യുന്നതിന് ജില്ലാ കളക്ടർമാർ ശ്രദ്ധിക്കണം.
6. ഗുണഭോക്താക്കൾക്കു പുറമേ ജില്ലാ കളക്ടറുടെ പ്രതിനിധി (ഡപ്യൂട്ടി തഹസിൽദാറിൽ കുറയാതെ), ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പ്രസിഡൻറെ/ചെയർപേർസൺ/സെക്രട്ടറിയും, അവിടത്തെ എഞ്ചിനീയറും, വീടു നിർമ്മിച്ചു നൽകാൻ പ്രാദേശികമായി സന്നദ്ധത അറിയിച്ചിട്ടുള്ള സ്പോൺസർമാർ, നിർമ്മാണപ്രവൃത്തി ഏറ്റെടുക്കാൻ സന്നദ്ധത കാണിച്ചിട്ടുള്ള നിർമ്മാണ ഏജൻസികൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പ്രാദേശിക പ്രതിനിധികൾ എന്നിവരേയും പങ്കെടുപ്പിക്കണം.

യോഗ നടപടിക്രമീകരണങ്ങൾ

7. ഭവനനിർമ്മാണത്തിനു സ്വീകരിക്കാവുന്ന വിവിധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ഗുണഭോക്താക്കൾക്കു ലഭ്യമാക്കുകയും ഏതു മാർഗ്ഗം സ്വീകരിക്കണമെന്ന് തീരുമാനിക്കാൻ അവരെ സഹായിക്കുകയുമാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ടു തന്നെ പ്രകൃതി ദുരന്ത പുനരധിവാസ ഭവനപുനർനിർമ്മാണത്തിനു സർക്കാർ തയ്യാറാക്കിയിട്ടുള്ള സമീപനം വ്യക്തതയോടെ യോഗത്തിന്റെ തുടക്കത്തിൽ തന്നെ അവതരിപ്പിക്കണം.
8. രണ്ട് തരത്തിലാണ് ഭവനപുനർനിർമ്മാണം നടത്താവുന്നത്:
   a. **സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം ഭൂമിയിൽ സ്വന്തം ഉത്തരവാദിത്തതോടെ വീടുനിർമ്മാണം നടത്തുക**: GO (Rt) No. 527/2018/DMD dated 5-10-2018 പ്രകാരം, സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് പുറപ്പെടുവിച്ച സമ്മതപത്രം പൂർണമായും തകർന്നതോ, വാസയോഗ്യം അല്ലാതായതോ ആയ എല്ലാ വീടുകളുടെയും ഉടമസ്ഥരിൽ നിന്നും ഒപ്പിട്ട് വാങ്ങേണ്ടതാണ്. ഇതിനു തയ്യാറായിട്ടുള്ളവർ സമ്മതപത്രം ഒപ്പിട്ടു നൽകണം (നേരത്തെ നൽകിയിട്ടില്ലെങ്കിൽ).
   b. **സ്വന്തം ഭൂമിയിൽ വീട് വയ്ക്കുവാൻ ആഗ്രഹിക്കുന്നവരിൽ, സർക്കാർ മേൽനോട്ടത്തിലുള്ള ഭവനനിർമ്മാണ രീതി സ്വീകരിക്കുന്ന രീതി:** ദുരന്ത

ബാധിതനിൽ നിന്നും **05.11.2018 തീയതിയിലെ സ.ഉ. (കൈ)നം.26/2018/ഡി.എം.ഡി. ഫോം-A** സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

ഫോം-A സമ്മതപത്രം ഒപ്പിടുന്നവരിൽ, സ്പോൺസർ നേരിട്ട് കെട്ടിടനിർമ്മാണ ഏജൻസിയെ കണ്ടെത്തി നിയോഗിക്കുന്ന നിർവ്വഹണ രീതി: വീടുകളുടെ പുനർനിർമ്മാണത്തിന് പരസ്പരം സഹകരിച്ച പ്രവർത്തിക്കാനുദ്ദേശിച്ച മുന്നോട്ടു വരുന്ന സ്പോൺസറും സർക്കാരിനെ പ്രതിനിധീകരിക്കുന്ന ജില്ലാ കളക്ടറും ഗുണഭോക്താവായ വീട്ടുടമയും തമ്മിൽ കരാറിൽ ഏർപ്പെട്ട് നിർമാണം നടത്താവുന്നതാണ്. ഇതിനു തീരുമാനമെടുക്കുന്നവർ **05.11.2018 തീയതിയിലെ സ.ഉ. (കൈ)നം.26/2018/ഡി.എം.ഡി. ഫോം-B (ത്രികക്ഷി കരാർ - മാതൃക 1)** പ്രകാരമുള്ള സമ്മതപത്രം ഒപ്പിട്ടു നൽകണം.

9. അവതരണങ്ങൾക്കു ശേഷം പ്രത്യേക കൌണ്ടറുകളിലായി ഉദ്യോഗസ്ഥർ ഗുണഭോക്താക്കളുമായി നേരിട്ട് സംസാരിച്ചും അവരുടെ സംശയങ്ങൾ ദൂരീകരിച്ചും വേണം സമ്മതപത്രങ്ങൾ ഒപ്പിട്ടു വാങ്ങുന്നത്. പങ്കെടുക്കുന്ന ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് സൌകര്യപ്രദമായ എണ്ണം കൌണ്ടറുകൾ നടത്താനുള്ള സ്ഥലവും ജീവനക്കാരുടെ സേവനവും യോഗസ്ഥലത്ത് ഉറപ്പാക്കിയിരിക്കണം.
10. മേൽപ്പറഞ്ഞ തീരുമാനം യോഗത്തിൽ വച്ചു കൈക്കൊള്ളാനാകാത്തവർ പത്തുദിവസത്തിനുള്ളിൽ തീരുമാനമെടുത്ത് ആയത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറെ/മുനിസിപ്പൽ സെക്രട്ടറിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കണം.
11. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം നിലയ്ക്കു വീടുനിർമ്മാണം നടത്തുന്നതിനു മുമ്പുതന്നെ സമ്മതപത്രം നൽകി ആദ്യഗഡു കൈപ്പറ്റിയവരുടെ ഭവന പുനർനിർമ്മാണം ഏതുഘട്ടത്തിൽ എത്തിയിരിക്കുന്നു എന്നു വിലയിരുത്തുന്നതിനു മാത്രമായി ഒരു കൌണ്ടർ ഉണ്ടാകണം. പണം കൈപ്പറ്റിയിട്ടും വീടുപണി തുടങ്ങിയിട്ടില്ലെങ്കിൽ അതിന്റെ കാരണം മനസ്സിലാക്കി രേഖപ്പെടുത്തണം.
12. വെള്ളപ്പൊക്കം-ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ-ഭൂകമ്പ പ്രതിരോധസൂചികകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വിവിധതരം വീടുകൾ സംബന്ധിച്ച കൈപ്പുസ്തകങ്ങളും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ കൈപ്പുസ്തകങ്ങളും ഈ യോഗങ്ങളിൽ വിതരണം ചെയ്യാവുന്നതാണ്.

നിർമ്മാണ നടപടിക്രമ വിശദീകരണം

13. തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന LIFE മിഷൻ ഭവന പദ്ധതിയിൽ സ്വീകരിച്ചിട്ടുള്ള ഭവനരൂപകല്പനകളാണ് പ്രകൃതി ദുരന്ത പുനരധിവാസ ഭവന പുനർനിർമ്മാണത്തിനും സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

14. 400 ചതുരശ്രയടി പ്ലിന്ത് വിസ്തൃതി വരുന്നതും ഒരു പൊതു ഉപയോഗ ഹാൾ, രണ്ടു കിടപ്പുമുറി, അടുക്കള, ശുചിമുറി എന്നിവയടങ്ങുന്നതുമായ വീടുകളാണ് നിർമ്മിക്കപ്പെടുക. ഇതിനായി LIFE മിഷൻ തയ്യാറാക്കിയിട്ടുള്ള 12 typical designs തന്നെയായിരിക്കും അടിസ്ഥാനം.
15. എന്നാൽ ഇനിയും ആവർത്തിക്കപ്പെടാവുന്ന പ്രളയത്തെ ചെറുക്കാനുള്ള കരുത്ത് പുതുതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ഉറപ്പാക്കണം. അതിനുള്ള രൂപകൽപ്പനാ നിർദ്ദേശങ്ങൾ ഉന്നതതല സാങ്കേതിക ഉപദേശക സമിതിയിലെ എഞ്ചിനീയറൻമാരുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണത്തിൽ അവ പാലിക്കപ്പെടണം.
16. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം നിലയ്ക്കു വീടുനിർമ്മാണം നടത്തുന്ന ഗുണഭോക്താക്കളും പ്രാദേശിക സ്പോൺസർമാർ നിർമ്മിച്ചു നൽകുന്ന വീടുകളിലും പ്രളയ സുരക്ഷാ രൂപകല്പനാ പ്രമാണങ്ങൾ നിർമ്മാണത്തിൽ പാലിക്കണം. ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന പ്രാദേശിക സാങ്കേതിക ഉദ്യോഗസ്ഥൻ ഇക്കാര്യം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
17. മുമ്പുതന്നെ സമ്മതപത്രം നൽകി ആദ്യഗഡു കൈപ്പറ്റിയവരുടെ ഭവന പുനർനിർമ്മാണത്തിൽ പ്രളയ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടോയെന്നു വിലയിരുത്താനും ഇല്ലെങ്കിൽ ഇനി സ്വീകരിക്കാവുന്ന നടപടികൾ തീരുമാനിച്ചു നൽകാനും സാങ്കേതിക സമിതിയെ ചുമതലപ്പെടുത്തണം.
18. ഫോം A സമ്മതപത്രം ഒപ്പിട്ട് നിർമ്മാണം സർക്കാരിനെ ഏൽപ്പിക്കുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ സർക്കാർ പ്രതിനിധിയായി ജില്ലാ കളക്ടറും സർക്കാർ ധനസഹായത്തിനുപരിയായ ധനവിഭവം ലഭ്യമാക്കുന്ന സ്പോൺസറും ഗുണഭോക്താവും സംയുക്തമായി ഒപ്പിടുന്ന ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഭവന നിർമ്മാണം നടക്കേണ്ടത്.

ബ്ലോക്ക്/മുനിസിപ്പൽതല നിർവ്വഹണ സംവിധാനം

19. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക്/മുനിസിപ്പൽ ഓഫീസിൽ **"സുരക്ഷിത കൂടൊരുക്കും കേരളം"** എന്ന പേരിൽ ഒരു ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേയ്ക്ക് പ്രവർത്തിപ്പിക്കുന്നതാണ്.
20. ഇതിന്റെ ചുമതല ആ പ്രദേശത്തെ സാങ്കേതിക മേൽനോട്ടത്തിനായി LIFE മിഷൻ തെരഞ്ഞെടുത്തു നിയോഗിക്കുന്ന എഞ്ചിനീയറിങ് കോളജ്/പോളിടെക്നിക്കിന് ആയിരിക്കും. ഞായറാഴ്ചയും എല്ലാ അവധി ദിവസങ്ങളിലും ഈ സഹായ കേന്ദ്രം പ്രവർത്തിപ്പിക്കേണ്ടതാണ്.
21. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ LIFE മിഷൻ ഭവന പദ്ധതിയുടെ ജില്ലാ കോഓർഡിനേറ്ററായിരിക്കും ഈ സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.
22. പ്രസ്തുത കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിങ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും, KSEB യുടെ ഓവർസീയറിൽ

കുറയാത്ത ഉദ്യോഗസ്ഥനും, സാങ്കേതിക മേൽനോട്ടത്തിനായി തെരഞ്ഞെടുത്തു നിയോഗിക്കുന്ന സ്ഥാപനത്തിലെ സിവിൽ, ആർക്കിടെക്ചർ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഉദ്യോഗസ്ഥർ അഥവാ ITI ലെ സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിങ് എന്നീ ശാഖകളുടെ ഇൻസ്ട്രക്ടർമാർ ഉണ്ടായിരിക്കേണ്ടതാണ്.

23. വീട്ടു നിർമ്മാണത്തിന് ഗുണഭോക്താവിന് ഉപദേശം നൽകുക, ആവശ്യമായ സാമഗ്രികൾ വിവിധ കേന്ദ്രങ്ങളിൽ നിന്നും സർക്കാർ അംഗീകരിക്കുന്ന തുകയ്ക്ക് ലഭ്യമാക്കുക, ഗുണഭോക്താക്കളുടെ സംശയം ദൂരീകരിക്കുക തുടങ്ങിയ കാര്യങ്ങളിലായിരിക്കും ഈ കേന്ദ്രങ്ങളുടെ സേവനം ലഭ്യമാകുക.

മേൽ നിർദ്ദേശങ്ങളിൽ കാര്യക്ഷമമായും സമയബന്ധിതമായും നടപടി സ്വീകരിക്കേണ്ടതാണ്.

പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
റവന്യൂ കോംപ്ലക്സ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ജലസചനവും ഭരണവും വകുപ്പ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ) (പ്രസിദ്ധീകരണത്തിന്)
തദ്ദേശ സ്വയംഭരണ വകുപ്പ്
ആരോഗ്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
ജലവിഭവ വകുപ്പ്

ഊർജ്ജ വകുപ്പ്
കൃഷി വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ഫ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്)സി.എ ഫ്ക്ക്,
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ.ഫ്ക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് – പ്രളയം 2018 – ദുരന്ത ബാധിതർക്ക് വീട് നിർമ്മിച്ച് നൽകൽ – ദുരന്ത ബാധിതനും ജില്ലാകളക്ടറും സ്പോൺസറും ഒപ്പ് വയ്ക്കേണ്ട വിവിധ ഫോറങ്ങൾ – പാലിക്കേണ്ട നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.26/2018/DMD തീയതി 05/11/2018,തിരുവനന്തപുരം

പരാമർശം:– 1. 21/06/2018 തീയതിയിലെ സ.ഉ(കൈ)നം.07/2018/ഡി.എം.ഡി.
2. 29/09/2018 തീയതിയിലെ സ.ഉ(പി)നം.05/2018/ഡി.എം.ഡി.
3. 03/10/2018 തീയതിയിലെ സ.ഉ(പി)നം.06/2018/ഡി.എം.ഡി.
4. 05/10/2018 തീയതിയിലെ സ.ഉ(സാധാ)നം.527/2018/ഡി.എം.ഡി.
5. 10/10/2018 തീയതിയിലെ സ.ഉ(സാധാ)നം.530/2018/ഡി.എം.ഡി.
6. 26/10/2018 തീയതിയിലെ സ.ഉ(കൈ)നം.24/2018/ഡി.എം.ഡി.

ഉത്തരവ്

2018 ജൂൺമാസം മുതൽ ആഗസ്റ്റ് മാസം വരെ ഉണ്ടായ പ്രളയക്കെടുതിയിൽ കേരളത്തിൽ വ്യാപകമായ നാശനഷ്ടം ഉണ്ടായി. തുടർന്ന് കേരളത്തിലെ 1260 വില്ലേജുകളെ പരാമർശം (3) ഉത്തരവ് പ്രകാരം പ്രളയ ബാധിതമായി പ്രഖ്യാപിക്കുകയുണ്ടായി.

2) പരാമർശം(1) ഉത്തരവ് പ്രകാരം പൂർണ്ണമായി തകർന്നതോ വാസയോഗ്യമല്ലാതായതോ (Severely damaged, greater than 75%) ആയ ഒരു വീടിന് ദുരിത ബാധിതർ പുതിതായി വീട് നിർമ്മിക്കും എന്ന വ്യവസ്ഥയോടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മൊത്തമായി 4,00,000 രൂപ (നാല് ലക്ഷം രൂപ മാത്രം) ആശ്വാസ ധനസഹായമായി അനുവദിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

3) പരാമർശം (4) ഉത്തരവ് പ്രകാരം സ്വന്തം ഭൂമിയിൽ സ്വന്തം ഉത്തരവാദിത്തത്തോടെ വീട് വയ്ക്കുവാൻ ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) ഒട്ടനവധി സുമനസ്സുകളും, അർദ്ധസർക്കാർ സ്ഥാപനങ്ങളും, സർക്കാരേതര സ്ഥാപനങ്ങളും സ്പോൺസർ ആയി ദുരന്ത ബാധിതർക്ക് വീടുകൾ നിർമിച്ച് നൽകുവാൻ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, സർക്കാർ മേൽനോട്ടത്തിലുള്ള ഭവനനിർമ്മാണ രീതി സ്വീകരിക്കുന്ന ദുരന്ത ബാധിതനും, ജില്ലാ കളക്ടറും, സ്പോൺസറും ഒപ്പ് വയ്ക്കേണ്ടുന്ന വിവിധ ഫോറങ്ങളുടെ മാതൃകകൾ ഉൾപ്പെടുത്തിക്കൊണ്ടും പാലിക്കേണ്ടുന്ന നിർദേശങ്ങൾ നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) രണ്ട് തരത്തിലാണ് ഭവനപുനർനിർമ്മാണം നടത്താവുന്നത്.

(1) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം ഭൂമിയിൽ സ്വന്തം ഉത്തരവാദിത്തത്തോടെ വീടുനിർമ്മാണം നടത്തുന്ന രീതി.

(2) സ്വന്തം ഭൂമിയിൽ വീട് വയ്ക്കുവാൻ ആഗ്രഹിക്കുന്നവരിൽ, സർക്കാർ മേൽനോട്ടത്തിലുള്ള ഭവനനിർമ്മാണ രീതി.

6) പരാമർശം (4) ഉത്തരവ് പ്രകാരം, വാസയോഗ്യമായ സ്വന്തം ഭൂമിയിൽ, വീട് വയ്ക്കുന്നതിന് (വീട് വാസയോഗ്യമല്ലാത്തതും പൂർണ്ണമായും തകർന്നതും) സന്നദ്ധരായ വീട്ടുടമസ്ഥരിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന അനുയോജ്യമായ ഫോറങ്ങളിൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

i. സ്വന്തം ഭൂമിയിൽ വീട് വയ്ക്കുവാൻ ആഗ്രഹിക്കുന്നവരിൽ, സർക്കാർ മേൽനോട്ടത്തിലുള്ള ഭവനനിർമ്മാണ രീതി സ്വീകരിക്കുന്ന ദുരന്ത ബാധിതനിൽ നിന്നും ഈ ഉത്തരവിനോട് അനുബന്ധമായി ചേർക്കുന്ന Form A സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്. അനുബന്ധം-1

ii. സ്പോൺസർ നേരിട്ട് കെട്ടിടനിർമ്മാണ ഏജൻസിയെ കണ്ടെത്തി നിയോഗിക്കുന്ന നിർവ്വഹണ രീതി, സ്വീകരിക്കുവാൻ സന്നദ്ധരായവരുമായി Form Bയിൽ ഉള്ള ഉടമ്പടി കരാർ ഒപ്പിട്ട് വാങ്ങേണ്ടതാണ്. അനുബന്ധം-2

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച് കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

ഡോ. വി.വേണു, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് & പ്രിൻസിപ്പൽ സെക്രട്ടറി, വനവും വന്യജീവി വകുപ്പും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്

ശിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള പുനർനിർമ്മാണ പദ്ധതി
പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനം

Form - A

സർക്കാർ മേൽനോട്ടത്തിലുള്ള ഭവനനിർമ്മാണ രീതി സ്വീകരിക്കുന്നതിനു ഗുണഭോക്താവിന്റെ സമ്മതപത്രം

1. ..... ജില്ലയിലെ ..... താലൂക്കിലെ ..... വില്ലേജിലെ ..... പ്രദേശത്ത് സ്ഥിതിചെയ്തിരുന്നതും എന്റെ ഉടമസ്ഥതയിലുള്ളതുമായ ..... വിലാസത്തിലുള്ള വീട് 2018 ഓഗസ്റ്റ് പ്രകൃതിദുരന്തത്തിൽ പൂർണ്ണമായി തകർന്നു / വാസയോഗ്യമല്ലാത്ത വിധം കേടുപാടു സംഭവിച്ചു പോയിട്ടുണ്ട്.
2. ആയതു പുനർനിർമ്മിക്കുന്നതിന് സർക്കാർ അനുവദിച്ചിട്ടുള്ള നാലുലക്ഷം രൂപ കൈപ്പറ്റിക്കൊണ്ട്, അതിനുപരിയായി ആവശ്യമുള്ള തുക സ്വയം കണ്ടെത്തി വീടു പുനർനിർമ്മിക്കുന്നതിനുള്ള സൌകര്യമൊരുക്കൽ നിലവിൽ എനിക്ക് കഴിയുന്നതല്ല.
3. ഈ സാഹചര്യത്തിൽ ദുരിതാശ്വാസ ധനസഹായമായി സർക്കാർ അനുവദിക്കുന്ന തുകയോടൊപ്പം, അതിനു പുറമേ ഈ വീടിന്റെ പുനർനിർമ്മാണത്തിന് ആവശ്യമാകുന്ന തുക സർക്കാർ കണ്ടെത്തുന്ന സ്പോൺസർമാരിൽ നിന്നും ലഭ്യമാക്കി കൂട്ടിച്ചേർത്തുകൊണ്ട് സർക്കാർ മേൽനോട്ടത്തിൽ തന്നെ വീടു പണിതു നൽകുന്ന നിർവ്വഹണ രീതി സ്വീകരിക്കുന്നതിന് ഞാൻ പൂർണ്ണ സമ്മതം അറിയിക്കുന്നു.
4. പരാമർശിത ഭവന നിർമ്മാണത്തിന് ആവശ്യമായ ആകെ അടങ്കൽ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള ഒരു ലക്ഷം രൂപ ഉൾപ്പെടെയുള്ള സർക്കാർ ധനസഹായം, നിർമ്മാണ പുരോഗതിഘട്ടങ്ങൾക്ക് അനുസരിച്ച് കെട്ടിടനിർമ്മാണ ഏജൻസിക്ക് അനുവദിച്ചു നൽകുന്നതിന് സർക്കാർ പ്രതിനിധിയായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതിനും ഞാൻ പൂർണ്ണ സമ്മതം അറിയിക്കുന്നു.
5. മേൽപ്പറഞ്ഞ രീതിയിൽ മൊത്തം 400 ച.അടിയോളം വിസ്തൃതിയുള്ളതും ഒരു പൊതുഉപയോഗ ഹാൾ, അടുക്കള, ശുചിമുറി, രണ്ടു കിടപ്പുമുറികൾ എന്നിവ മാത്രമുള്ളതുമായ വീടാണ് നിർമ്മിച്ചു നൽകുകയെന്നതും ഇതിനു പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി ഏറ്റവും അനുയോജ്യമായി കണ്ടെത്തുന്ന നിർമ്മാണ സാങ്കേതിക വിദ്യയായിരിക്കും ഉപയോഗിക്കുകയെന്നതും ഞാൻ മനസ്സിലാക്കുകയും ആയതു സ്വീകരിക്കുന്നതിന് പൂർണ്ണ സമ്മതം അറിയിക്കുകയും ചെയ്യുന്നു.
6. ഈ നിർമ്മാണ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സർക്കാരിന്റെ പ്രതിനിധിയായി ജില്ലാ കളക്ടർ സ്വീകരിക്കുന്ന തീരുമാനങ്ങൾ ഞാൻ അംഗീകരിക്കുകയും ജില്ലാ കളക്ടറും സ്പോൺസറും കൂടി ഉൾപ്പെടുന്ന ത്രികക്ഷി കരാറിൽ പങ്കു ചേരുന്നതാണ് എന്നും സമ്മതിച്ച് ഒപ്പു വയ്ക്കുന്നു.

ഗുണഭോക്താവിന്റെ ഒപ്പ് -

ഗുണഭോക്താവിന്റെ പേരും വിലാസവും -

കേരള പുനർനിർമ്മാണ പദ്ധതി

പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനം

Form B

ത്രികക്ഷി കരാർ - മാതൃക 1

(സ്പോൺസർ നേരിട്ട് കെട്ടിടനിർമ്മാണ ഏജൻസിയെ കണ്ടെത്തി നിയോഗിക്കുന്ന നിർവ്വഹണ രീതിയിൽ)

2018 പ്രകൃതിദുരന്തത്തിൽ പൂർണ്ണമായിതകരുകയോ വാസയോഗ്യമല്ലാതാകുന്നതു പോലെ കേടുപാടുകൾ സംഭവിക്കുകയോ ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് പരസ്പരം സഹകരിച്ചു പ്രവർത്തിക്കാനുദ്ദേശിച്ചു മുന്നോട്ടു വരുന്ന സ്പോൺസറും സർക്കാരിനെ പ്രതിനിധീകരിക്കുന്ന ജില്ലാ കളക്ടറും ഗുണഭോക്താവായ വീട്ടുടമയും തമ്മിൽ ഏർപ്പെടുന്ന കരാർ ഉടമ്പടി.

പ്രകൃതിദുരന്തത്തിൽ തകർന്നതോ തീർത്തും വാസയോഗ്യമല്ലാതായതോ ആയ വീടുകളിൽ ഒന്നായ ..... ജില്ലയിലെ ..... താലൂക്കിലെ ..... വില്ലേജിലെ ..... പ്രദേശത്ത് സ്ഥിതിചെയ്തിരുന്ന ..... വിലാസത്തിലുള്ള വീടിന്റെ ഉടമയായ ..... എന്ന ഗുണഭോക്താവും (ഇനി "ഗുണഭോക്താവ്" എന്ന് പരാമർശിക്കപ്പെടും) ,

..... ജില്ലയിലെ കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി പ്രകൃതിദുരന്തത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണ പ്രവർത്തനം നടത്തുന്നതിന് സർക്കാരിനെ പ്രതിനിധീകരിക്കുന്ന പ്രധാന ഉദ്യോഗസ്ഥമേധാവിയായ ജില്ലാ കളക്ടറും (ഇനി "ജില്ലാ കളക്ടർ" എന്ന് പരാമർശിക്കപ്പെടും),

മേൽപ്പറഞ്ഞ വീടിന്റെ പുനർനിർമ്മാണത്തിന് സർക്കാർ ധനസഹായത്തിന് ഉപരിയായി ആവശ്യമുള്ള സഹായം സ്പോൺസർഷിപ്പായി സർക്കാരിന്റെ ക്രൌഡ് ഫണ്ടിങ് ക്രമീകരണം വഴി ലഭ്യമാക്കുന്നതിന് സന്നദ്ധമായിട്ടുള്ള .... എന്ന വ്യക്തി/സ്ഥാപനവും (ഇനി "സ്പോൺസർ" എന്ന് പരാമർശിക്കപ്പെടും),

പരസ്പരം താഴെപ്പറയുന്ന നിബന്ധനകൾ സമ്മതിച്ച് അതിനനുസൃതമായി കൂട്ടായി പ്രവർത്തിക്കുന്നതിനും മേൽപ്പറഞ്ഞ വീട് പുനർനിർമ്മിച്ച് ഗുണഭോക്താവിന് കൈമാറുന്നതിനും ഇതുപ്രകാരം ഉറച്ച കരാറിൽ ഏർപ്പെടുന്നു.

പരസ്പരം സമ്മതിച്ചിട്ടുള്ള ചുമതലകളും നിബന്ധനകളും

1. സ്പോൺസർ സ്വന്തംനിലയ്ക്ക് കെട്ടിടനിർമ്മാണ ഏജൻസിയെ കണ്ടെത്തി നിയോഗിക്കുന്നതാണ്.
2. പരാമർശിത ഭവന നിർമ്മാണം, ഈ കരാറിന് അനുബന്ധമായി കൊടുക്കുന്ന കെട്ടിട രൂപകല്പനയ്ക്കും എസ്റ്റിമേറ്റിനും അനുസൃതമായാണ് നടത്തുക. ഇതിന് ആവശ്യമായ ആകെ അടങ്കൽ തുക സർക്കാർ ധനസഹായവും സ്പോൺസറുടെ സംഭാവനയും സംയോജിപ്പിച്ചാണ് കണ്ടെത്തുക.
3. ഇതിൽ ആദ്യം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള ഒരു ലക്ഷം രൂപയും രണ്ടാമതായി സ്പോൺസർ ലഭ്യമാക്കുന്ന തുകയും പൂർണ്ണമായും വിനിയോഗിക്കുകയും അതുവരെയുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുകയും ചെയ്ത ശേഷമായിരിക്കും ബാക്കിയാവശ്യമായ സർക്കാർ ധനസഹായം വിനിയോഗിക്കുക.

4. തങ്ങൾ നിയോഗിച്ച കെട്ടിടനിർമ്മാണ ഏജൻസി ..... മാസങ്ങൾക്കു് ിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്നു എന്ന് സ്പോൺസർ ഉറപ്പാക്കുന്നതാണ്.

5. നിർമ്മിക്കപ്പെടുന്ന കെട്ടിടം പരിസ്ഥിതി സൌഹാർദ്ദതയ്ക്ക് ഇണങ്ങുന്നതും ഭാവിയിലുണ്ടാകാവുന്ന പ്രളയങ്ങളിൽ കരുത്തോടെ നിലനിൽക്കുന്നതുമാണെന്ന് ഉറപ്പാക്കാൻ കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള സാങ്കേതിക നിബന്ധനകൾ പാലിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ കെട്ടിടനിർമ്മാണ ഏജൻസിക്ക് ജില്ലാ കളക്ടർ നൽകുന്നതാണ്.

6. മേൽപ്പറഞ്ഞ നിബന്ധനകൾ അടക്കം കെട്ടിട നിർമ്മാണത്തിൽ പാലിക്കപ്പെടേണ്ട എല്ലാ സാങ്കേതിക ചട്ടങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പാക്കാനും സാക്ഷ്യപ്പെടുത്തുന്നതിനുമായി പ്രാദേശിക എഞ്ചിനീയറിങ് പോളിടെക്നിക് കോളജുകളിൽ ഒന്നിനെ Third Party Technical Monitoring Agency ആയി ജില്ലാ കളക്ടർ നിയോഗിക്കുന്നതാണ്.

7. തെരഞ്ഞെടുത്ത കെട്ടിടനിർമ്മാണ ഏജൻസിക്ക് മേൽപരാമർശിച്ചതു പ്രകാരം ഭവന നിർമ്മാണം നടത്തുന്നതിന് ആവശ്യമായ കാലയളവിലേക്ക് തന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഗുണഭോക്താവ്, തടസ്സമില്ലാതെ ലഭ്യമാക്കുന്നതാണ്.

മേൽ സൂചിത നിബന്ധനകൾ അംഗീകരിച്ച് ഒപ്പ് വയ്ക്കുന്നു

.....	.....	.....
ഗുണഭോക്താവ്	സ്പോൺസർ	ജില്ലാ കളക്ടർ

GOVERNMENT OF KERALA

Abstract

Disaster Management (A) Department – CARe-Home scheme to rebuild the fully or severely damaged houses in Kerala Flood 2018 – Further Orders issued.

Disaster Management (A) Department

G.O.(Rt)No.565/2018/DMD Dated 05/11/2018,Thiruvananthapuram

Read 1. GO (Rt) No. 527/2018/DMD dated 5-10-2018

2. GO (Rt) No. 554/2018/Co-op dated 17-09-2018

3. GO (Ms) No. 26/2018/DMD dated 5-11-2018

4. Circular No. DM1/14/2017/DMD dated 05.11.2018

ORDER

As per GO read as 2nd paper above, the Cooperative Department has introduced a scheme called CARe Kerala (Co-operative Alliance to Rebuild) under which a sub-scheme called CARe-Home has been introduced to rebuild the fully or severely damaged houses in Kerala Floods 2018.

Under the scheme each house has to be built at a cost of Rs. 5 lakhs. The Co-operative Department have informed that they have collected Rs. 80 crores for the purpose and wanted the Disaster Management Department to provide the list of beneficiaries through the District Collectors.

Under State Disaster Response Fund (SDRF), the beneficiaries who have lost a house in natural calamity are eligible for a statutory benefit of Rs. 1,01,900/- (in hilly areas) or Rs. 95,100/- (in plains) for a fully damaged or severely damaged house.

In view of the above, Government have decided to dovetail the SDRF permissible per beneficiary to this scheme, so as to construct 2000 houses. Rs. 4 lakhs will be from the CARe-Home scheme. In addition, the amount permissible to the beneficiary from SDRF will also be utilized for this purpose.

The number of houses under the scheme in each district has been worked out proportionate to the number of houses fully/severely damaged in each

district and the list is appended to this order, as annexure 1.

The District Collector, in consultation with the Joint Registrar, Co-operative Societies of the District shall allot the houses to registered Co-operative Societies of the District for construction of houses. Such identified society shall be the 'sponsor' of the respective houses allocated to it for the purpose of GO read as 3rd paper above. The sponsor shall add any additional amount that it may deem necessary to complete the house as per resilient standards.

This scheme should be advertised in the Block/Municipal Level House Rebuilding Facilitation Meetings to be held as per Government Circular read as 4th paper above.

Forms as per GO read as 1st paper above, and Form A and Form B as per Government Order 3rd paper above will be applicable to this scheme.

(By order of the Governor)
P.H.KURIAN
Additional Chief Secretary to Govt

The Commissioner, Land Revenue, Thiruvananthapuram
All District Collectors
The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O., Thiruvananthapuram
The Principal Accountant General (Audit), Kerala, Thiruvananthapuram
The Principal Accountant General (A&E), Kerala, Thiruvananthapuram
The Web and New Media, I & PRD
The Treasury Director, Thiruvananthapuram
Cooperation Department
Finance Department
Planning and Economic Affairs
Local Self Government Department
Stock File / Office Copy

Copy to : Private Secretary to Chief Minister
Private Secretary to Minister (Revenue & Housing)
AS to Chief Secretary
PS to Additional Chief Secretary, DMD
CA to Additional Secretary, DMD

Forwarded / By Order

Section Officer

Appendix

SlNo	District	Loss of Bldg & Land	Complete loss of Bldg	Damage for >75%	Total	proportionate distribution of 2000 houses
1	Thiruvananthapuram	11	458	32	501	57
2	Kollam	11	321	38	370	42
3	Pathanamthitta	29	861	118	1008	114
4	Alappuzha	136	1886	135	2157	244
5	Kottayam	18	582	134	734	83
6	Idukki	260	1534	83	1877	212
7	Ernakulam	151	2528	297	2976	337
8	Thrissur	66	3630	373	4069	460
9	Palakkad	71	1624	129	1824	206
10	Malappuram	49	681	63	793	90
11	Kozhikode	27	314	47	388	44
12	Wayanad	92	578	73	743	84
13	Kannur	13	147	21	181	20
14	Kasaragod	2	53	3	58	7
		936	15197	1546	17679	2000

GOVERNMENT OF KERALA

Abstract

Disaster Management Department – Flood 2018 -Release of fund to the Chief Engineer, Public Works Department for immediate restoration of Roads – sanction accorded – Orders issued.

DISASTER MANAGEMENT (A) DEPARTMENT

G.O.(Rt)No.572/2018/DMD Dated,Thiruvananthapuram, 07/11/2018

Read 1 Go(Rt)No.462/2018/DMD dated 28/08/2018

2 Go(Rt)No.544/2018/DMD dated 29/10/2018

ORDER

As per the Government Order read as 1 st paper above, Government have accorded sanction to release an amount of Rs.71.25 crores to the Chief Engineer, Public Works Department for immediate restoration of Roads, out of which an amount of 63 crores have been released as first installment.

2) Government here by accorded sanction to release the remaining of Rs.8.25 crores(Eight crore and Twenty five lakhs) (Final installment) to the District Collector, Thiruvananthapuram from the head of account 2245-02-106-99-Flood-Repair & Restoration of damaged Roads and Bridges under SDRF. The District Collector, Thiruvananthapuram shall take urgent action to transfer credit the above amount to the SB Account number 67100270523 in SBI Vazhuthacaud branch (IFSC -SBIN0070033) of the Chief Engineer, Public Works Department, Roads and Bridges. The fund should be utilized only for the purpose which it is alloted. The Chief Engineer, Roads and Bridges of Public Works Department should furnish utilisation certificate to Government,in time.

(By order of the Governor)
K.SHYLA SREE
ADDITIONAL SECRETARY

To:

The Commissioner, Land Revenue, Thiruvananthapuram.
The District Collector , Thiruvananthapuram
The Chief Engineer, Roads and Bridges of Public Works Department
The Member Secretary, Kerala State Disaster Management Authority, Observatory Hills, Vikas Bhavan P.O, Thiruvananthapuram-33
The Principal Accountant General (Audit) Kerala, Thiruvananthapuram

The Accountant General (A&E) Kerala, Thiruvananthapuram
The Treasury Officer, District Treasury, Thiruvananthapuram
Public Works Department
Stock File/Office Copy
copy to
PS to Minister (Revenue & Housing)
PS to Additional Chief Secretary (Revenue & DM)
The Information Officer, Web & New Media,I&PRD

Forwarded /By order

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തെ തുടർന്ന് നഗരപ്രദേശങ്ങളിൽ ഉപയോഗ ശൂന്യമായ ശൗചാലയങ്ങൾ, സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (അർബൻ) ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2851/2018/തസ്വഭവ തിരുവനന്തപുരം, തീയതി 07.11.2018

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.08.2018 ലെ 3236/B1/201/SM നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തെ തുടർന്ന്, പ്രാഥമിക വിലയിരുത്തൽ അനുസരിച്ച് സംസ്ഥാനത്താകെ നഗരപ്രദേശത്തെ 11222 ശൗചാലയങ്ങൾ പുനർ നിർമ്മിക്കേണ്ടി വരുന്ന സാഹചര്യത്തിൽ വെള്ളപ്പൊക്കത്തെ തുടർന്ന് ഉപയോഗ ശൂന്യമായ ശൗചാലയങ്ങൾ, സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (അർബൻ) ഫണ്ട് വിനിയോഗിക്കാവുന്നതാണെന്നും സ്വച്ച് ഭാരത് മിഷൻ (അർബൻ) മാർഗ്ഗ നിർദേശ പ്രകാരം പുതിയ ശൗചാലയ നിർമ്മിതിക്കും പുനർ നിർമ്മിതിക്കും 6667/- രൂപ സ്വച്ച് ഭാരത് മിഷൻ (അർബൻ) വിഹിതത്തിൽ നിന്നും നൽകാവുന്നതാണെന്നും മേൽ സാഹചര്യത്തിൽ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് സഹിതം പുനർ നിർമ്മിക്കുന്നതിന് നഗരസഭയിലെ എൻജിനീയർ തയാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനും ആയതിനുള്ള ചെലവിനായി സ്വച്ച് ഭാരത് മിഷൻ (അർബൻ) വിഹിതത്തിൽ നിന്നും 6667/- രൂപയും ബാക്കി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന ഫണ്ടിൽ നിന്നും (പ്ലാൻ ഫണ്ടിന്റെ 15 % തുക) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയത്തെ തുടർന്ന് നഗരപ്രദേശങ്ങളിൽ ഉപയോഗ ശൂന്യമായ ശൗചാലയങ്ങൾ, സെപ്റ്റിക് ടാങ്ക് സഹിതം അടിയന്തിരമായി പുനർ നിർമ്മിക്കുന്നതിന് നഗരസഭയിലെ എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനും ആയതിനുള്ള ചെലവിലേക്കായി സ്വച്ച് ഭാരത് മിഷൻ (അർബൻ) വിഹിതത്തിൽ നിന്നും

6667/- രൂപയും ബാക്കി തുക നഗരസഭയുടെ പ്ലാൻ ഫണ്ടിൽനിന്നും ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന ഫണ്ടിൽ നിന്നും (പ്ലാൻ ഫണ്ടിന്റെ 15 % തുക) ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സിന്ധു എൽ

സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
എല്ലാ നഗരസഭകൾക്കും/ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

സംഗ്രഹം

ധനകാര്യ വകുപ്പ് - കാലവർഷക്കെടുതി - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പെൻഷൻകാരുടെ ഒരുമാസത്തെ പെൻഷൻ തുക നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

സ.ഉ.(അച്ചടി) നം.171/2018/ധന. തീയതി, തിരുവനന്തപുരം, 07.11.2018

പരാമർശം:-22.09.2018 ൽ ധനകാര്യവകുപ്പ് മന്ത്രി നടത്തിയ പെൻഷൻ സംഘടനകളുടെ യോഗത്തിന്റെ മിനിറ്റ്സ്

ഉത്തരവ്

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് 30000 കോടി രൂപയ്ക്ക് മേൽ വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും മറ്റുള്ള വരുമാനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം/വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും പെൻഷൻകാരുടെ ഒരു മാസത്തെ പെൻഷനും വഴി 3800 കോടി രൂപയോളം സമാഹരിയ്ക്കുവാൻ കഴിയുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുവാൻ താൽപ്പര്യം പ്രകടിപ്പിച്ച് ധാരാളം പെൻഷൻകാർ സർക്കാരിനെ സമീപിയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പെൻഷൻകാർക്ക് ഒരു മാസത്തെ പെൻഷൻതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നത് സംബന്ധിച്ച് സർക്കാർ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പെൻഷൻകാരുടെ അപേക്ഷ പ്രകാരം മാത്രം ഒരു മാസത്തെ പെൻഷൻ തുക അല്ലെങ്കിൽ സമ്മതിച്ചിട്ടുള്ള തുക, സമ്മതിച്ചിട്ടുള്ള കാലപരിധിയിൽ ബന്ധപ്പെട്ട ട്രഷറി ഓഫീസർ പെൻഷനിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് **TPA-80 (701010200000080)** എന്ന അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്.
2. സംഭാവന നൽകിയ തുകയുടെ രസീത് ട്രഷറിയിൽ നിന്ന് തന്നെ നൽകേണ്ടതാണ്.
3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പെൻഷനിൽ നിന്നും സംഭാവന നൽകുന്നത് സംബന്ധിച്ച് ട്രഷറി ഓഫീസർമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ട്രഷറികളിൽ അപേക്ഷയുടെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
4. പെൻഷൻകാരിൽ നിന്നുള്ള അപേക്ഷയില്ലാതെ ഒരുകാരണവശാലും അവരുടെ പെൻഷനിൽ നിന്നും ഒരു തുകയും സംഭാവനയായി കുറവു ചെയ്യുവാൻ പാടുള്ളതല്ല.
5. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ ആഗ്രഹിയ്ക്കുന്ന പെൻഷൻ ജീവനക്കാർ അനുബന്ധമായി നൽകിയിരിക്കുന്ന അപേക്ഷ ബന്ധപ്പെട്ട ട്രഷറി ഓഫീസർമാരെ എൽപ്പിയ്ക്കേണ്ടതാണ്. പെൻഷൻകാർ ഒപ്പിട്ടു നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും അപേക്ഷ പ്രകാരം തുക കുറവ് ചെയ്യേണ്ടതും അത്തരത്തിൽ കുറവ് വരുത്തി ദുരിതാശ്വാസനിധിയിലേക്ക് അടയ്ക്കുന്ന തുകയുടെ കണക്ക് അതാത് മാസം ക്രോഡീകരിച്ച് ധനകാര്യവകുപ്പിനെ അറിയിക്കേണ്ടതുമാണ്.
6. ബാങ്ക് വഴി പെൻഷൻ വാങ്ങുന്ന ജീവനക്കാർ ഒരുമാസത്തെ പെൻഷൻ തുക അല്ലെങ്കിൽ സമ്മതിച്ചിട്ടുള്ള തുക , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിലേക്ക് അപേക്ഷ തൊട്ടടുത്തുള്ള ട്രഷറിയിൽ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ട്രഷറി ഉദ്യോഗസ്ഥൻ പെൻഷനിൽ നിന്നും തുക കുറവുചെയ്ത് TP-80 ലേയ്ക്ക് വരവുചെയ്യേണ്ടതുമാണ്.
7. മേൽ നിർദ്ദേശങ്ങൾ ട്രഷറിയിൽ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ ട്രഷറി ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് ജോഷി
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്)

കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, ട്രഷറി
എല്ലാ ജില്ലാ /സബ് ട്രഷറി
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം
സെക്രട്ടറിയേറ്റ്, എല്ലാ വകുപ്പുകളും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സർവ്വകലാശാലകൾ, കേരള
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും
പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,
സെക്രട്ടറി , ഗവർണർ
സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, കേരള, തിരുവനന്തപുരം
പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ
പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, ഡപ്യൂട്ടി സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്
അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറി
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി, കേരള മനുഷ്യവകാശ കമ്മീഷൻ
ഓംബുഡ്സ്മാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനം
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അപേക്ഷ

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്റെ ഒരു മാസത്തെ പെൻഷന് തുല്യമായ തുക അല്ലെങ്കിൽ ..... .തുക ..... തവണയായി നൽകുന്നതിന് സമ്മതമാണെന്നറിയിക്കുന്നു.

ഒപ്പ് :

തീയതി :

പേര് :

സ്ഥലം :

പി പി ഒ നമ്പർ:

മേൽവിലാസം

ഫോൺ നം.

ട്രഷറി ഓഫീസറുടെ ഒപ്പ്

മുദ്ര

GOVERNMENT OF KERALA

Abstract

Disaster Management Department – Grievance redressal mechanism for Disaster Relief Assistance to family / individual/farmer- Sanctioned – Orders issued.

DISASTER MANAGEMENT (A) DEPARTMENT

G.O.(Rt)No. 627/2018/DMD Dated, Thiruvananthapuram, **22/11/2018**

Read:- 1. GO (Ms) No. 194/2015/DMD dated 20-05-2015
2. GO (Ms) No. 343/2015/DMD dated 23-07-2015
3. GO (Ms) No. 182/2015/Agri dated 29-09-2015
4. GO (Rt) No. 149/2017/DMD dated 18-01-2017
5. GO (Ms) No. 07/2018/DMD dated 21-06-2018
6. GO (Ms) No. 24/2018/DMD dated 26-10-2018
7. Minutes of the State Executive Committee held on 21-11-2018

ORDER

Section 61 of Disaster Management Act 2005 prohibits discrimination on the ground of sex, caste, community, descent or religion while providing compensation and relief to the victims of disaster.

(2) In light of the above, the State Executive Committee (SEC) of Kerala State Disaster Management Authority (KSDMA) met and decided to provide for a grievance redressal system for ensuring minimum relief assistance as laid from time to time by the KSDMA and the Government under Section 19 of the Disaster Management Act, 2005.

(3) Any individual in the State of Kerala who is affected by one or more disasters that are approved for relief assistance under the State Disaster Response Fund (SDRF) in the State is entitled/eligible to exercise the grievance redressal provisions for receiving family/individual/farmer relief assistance.

(4) Eligible relief assistance to a disaster affected family/individual/farmer is administered by the following departments within the provisions of SDRF and the minimum relief assistance to individual items declared by the State Government.

1. Housing - Percentage of Damage to the Structure: Local Self Government Engineering Division

2. Housing - Relief Assistance based on the Percentage of Damage to the Structure: Land Revenue Department
3. Agriculture Sector: Agriculture Department
4. Animal Husbandry: Animal Husbandry Department
5. Gratuitous Relief: Land Revenue Department
6. Fisheries: Fisheries Department

(5) The Chief Executive Officer (CEO) of the District Disaster Management Authority (DDMA) (Deputy Collector, Disaster Management or Additional District Magistrate as the case may be) of the respective district will be the first grievance redressal officer. He/she shall dispose individual cases based on the provisions laid for relief as Government orders read as 1st to 6th paper above, depending on the sector. The CEO may inquire and seek expert opinion if deemed necessary from serving technical officers from the respective departments before disposing the case. The CEO shall dispose the cases within 30 days of receiving such an application. The CEO shall hear the appellant if necessary.

(6) The individual who is not satisfied by the decision of the CEO can file a review petition before the Chairman, DDMA of the respective district. The Chairman, DDMA shall, after inquiry if needed, place the application in the next DDMA meeting for consideration and appropriate decision. The DDMA shall dispose the cases within 30 days of receiving such an application.

(7) The appellant shall thereafter approach the courts as laid in Section 71 of the Disaster Management Act, 2005, if he/she is not satisfied with the decision of DDMA.

(BY ORDER OF THE GOVERNOR)
K. SHYLASREE
Additional Secretary to Government

To

Secretaries of All Departments
The Commissioner, Land Revenue, Thiruvananthapuram
All District Collectors
All Departments in Government Secretariat
The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O., Thiruvananthapuram
All District Treasury Officers (Through Treasury Director, Thiruvananthapuram)
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
The Accountant General, Branch Office, Kottayam, Kozhikode, Thrissur, Ernakulam

Web & New Media, I& PRD
DM (B) Department
Stock File / Office Copy

Copy to

PS to Chief Minister
PS to Minister for Revenue and Disaster Management
Special Secretary to Chief Secretary
PA to Additional Chief Secretary (Revenue & DM)
CA to Special Secretary (Revenue)
CA to Additional Secretary (Revenue & DM)
Disaster Management (A4) Seat

Forwarded / By order

Section Officer

Note

Note



അച്ചടി & പ്രസിദ്ധീകരണം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ് (P.O), **തൃശ്ശൂർ, കേരള, ഇന്ത്യ - പിൻ: 680 581**

ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207002,

ഫാക്സ് : 0487-2201062

ഇ-മെയിൽ : info@kila.ac.in – Website : www.kila.ac.in

ഒരുമ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് ലിമിറ്റഡ് തൃശ്ശൂർ 9562625050